**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണിയെക്കുറിച്ചുള്ള വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്രമായ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കൃഷി വകുപ്പ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ദേശീയ സാമ്പിൾ സർവ്വേയുടെ ഭാഗമായി കേരളത്തിലെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ നിലവിലെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്ര പഠനം 2021-22 സാമ്പത്തിക വർഷം ആരംഭിക്കുകയും സർവ്വേയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവ്വെ ഷെഡ്യൂളുകളുടെ പ്രാഥമിക ദ്വിതീയ തല പരിശോധനകളും ഡാറ്റാ എൻട്രിയും പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സർവ്വേയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സർവ്വേയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നതുമായ കാർഷിക ഉല്പന്നങ്ങളുടെ മൊത്ത/ചില്ലറ വ്യാപാരം നടക്കുന്ന പൊതു കമ്പോളങ്ങളുടെ ഡയറക്ടറി തയ്യാറാക്കുക<br><br>2. പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത വിലയിരുത്തുക<br><br>3. അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും ലഭ്യത മനസിലാക്കുക<br><br>4. ശുചിത്വ പരിപാലനം വിലയിരുത്തുക<br><br>5. മൊത്ത കച്ചവടം നടത്തുന്ന വ്യാപാരികളുടെ വിവരങ്ങൾ ശേഖരിക്കുക<br><br>6. കമ്പോളത്തിലെ വ്യാപാരികൾ ആശ്രയിക്കുന്ന സംഭരണശാലകളുടെ വിവരം ശേഖരിക്കുക |

| | | | |
|---|---|---|---|
| | | | 7.കാർഷിക ഉല്പന്നങ്ങളുടെ വിപണന രീതിയെക്കുറിച്ച് മനസിലാക്കുന്നതിനും അതുവഴി മാർക്കറ്റ്ഇന്റലിജൻസ് വിഭാഗത്തിന്റെ കമ്പോള പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക.<br><br>8. കേരളത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന മാളുകൾ ഷോപ്പിംഗ് കോംപ്ലക്സുകൾ , സൂപ്പർമാർക്കറ്റുകൾ ഹൈപ്പർമാർക്കറ്റുകൾ എന്നിവയുടെ ഡയറക്ടറി തയ്യാറാക്കുക . |
| (സി) | പ്രസ്തുത സർവ്വേയിലൂടെ സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണി കണ്ടെത്തുവാൻ കഴിയുമോ; വിശദമാക്കാമോ; | (സി) | കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണികൾ എവിടെയൊക്കെയാണെന്ന് സർവ്വെയിലൂടെ കണ്ടെത്തുവാൻ സാധിക്കും. വിപണികളിലേക്ക് എത്തിച്ചേരുന്ന ഉല്പന്നങ്ങളിൽ പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഇനങ്ങളുടെ വിവരവും അന്യ ജില്ലകളിൽ നിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവയുടെ വിവരവും അത്തരം ഉല്പന്നങ്ങളുടെ ക്രയ വിക്രയത്തിന്റെ ഭാഗമാകുന്ന വ്യാപാരികളുടെ വിവരവും പഠനത്തിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ട്. കൂടാതെ കാർഷിക ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതും എന്നാൽ പൊതു കമ്പോളങ്ങളിൽ നിന്നും അകന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്ന പ്രമുഖരായ മൊത്ത വ്യാപാരികളുടെ വിവരവും അവർ ക്രയ വിക്രയം നടത്തുന്ന ഉല്പന്നങ്ങളുടെ വിവരവും സർവ്വെയിലൂടെ കണ്ടെത്തുന്നുണ്ട്. ഇവയുടെ വിശകലനത്തിലൂടെ സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണികൾ കണ്ടെത്താൻ കഴിയും. |
| (ഡി) | കാർഷിക വിപണിയെക്കുറിച്ചുള്ള വിവര ശേഖരണംവഴി വിപണിക്ക് അനുയോജ്യമായ ഉല്പന്നങ്ങൾ ഏതെല്ലാമാണെന്ന് കർഷകർക്ക് അവബോധം നൽകുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിപണികൾക്ക് അനുയോജ്യമായ ഉല്പന്നങ്ങളെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുന്നതിന് സർവ്വെയിലൂടെ കഴിയും. ഒരു പൊതു കമ്പോളത്തിന്റെ വ്യാപാര പരിധിയിൽ കച്ചവടം നടത്തി വരുന്ന മൊത്ത വ്യാപാരികളുടെയും അവർ കൈകാര്യം ചെയ്തു വരുന്ന ഉല്പന്നങ്ങളുടെ വിവരവും പഠനത്തിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ട്. ഇതിലൂടെ വിപണിക്ക് അനുയോജ്യമായ കാർഷിക ഉല്പന്നങ്ങളെക്കുറിച്ച് മനസിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ